**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5890** **09-07-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ - കുറ്റിപ്പുറം പാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ - കുറ്റിപ്പുറം പാതയിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ കുറ്റിപ്പുറം പാതയിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വീതികൂട്ടി 4 വരിപാത ആക്കുന്ന പ്രവൃത്തിയ്ക്ക് DPR തയ്യാറാക്കി 27.12.2019 ൽ പദ്ധതി നിർവഹണ ഏജൻസി ആയ കെ.ആർ.എഫ്.ബി കിഫ്ബിയ്ക്ക് സമർപ്പിച്ചിരുന്നു. DPR അവലോകനത്തിന്റെ ഭാഗമായി കിഫ്ബി ഉദ്യോഗസ്ഥർ, കെ.ആർ.എഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബഹു.എം.എൽ.എ. എന്നിവർ ചേർന്ന് ഒരു യോഗം 20.04.2022-ന് ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ റോഡിന് 22 മീറ്റർ വീതിയുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചു. എന്നാൽ പ്രവൃത്തിയുടെ DPR തയ്യാറാക്കിയത് 23 മീറ്റർ വീതി പരിഗണിച്ചായതിനാൽ പുതുക്കിയ DPR സമർപ്പിക്കുന്നതിന് കെ.ആർ.എഫ്.ബിയോട് നിർദ്ദേശിച്ചിരുന്നു. നിലവിൽ, 22 മീറ്റർ വീതിയിൽ കല്ലിടൽ പ്രവൃത്തികളും, നിലവിലുള്ള DPR- ന്റെ ന്യൂനതകൾ പരിഹരിക്കുന്നതിനായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിലേക്കു പുനഃസമർപ്പിക്കുന്നതിനുള്ള നടപടികൾ കെ.ആർ.എഫ്.ബിയിൽ പുരോഗമിച്ചു വരുന്നു. എന്നാൽ, തൃശ്ശൂർ കുറ്റിപ്പുറം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം കെ.എസ്.ടി.പിയുടെ കീഴിൽ നടന്നുവരുന്നതിനാൽ കെ.എസ്.ടി.പിയുടെ നിർദ്ദേശപ്രകാരം മെയിൻ വർക്കിന് അനുബന്ധമായ പ്രവർത്തികൾ താൽകാലികമായി നിർത്തിവച്ചതായി കെ.ആർ.എഫ്.ബി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് നിലവിൽ അതീവ ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിലവിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം തൃശ്ശൂർ കുറ്റിപ്പുറം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ കെ.എസ്.ടി.പി യുടെ കീഴിൽ |

| | | | |
|---|---|---|---|
| | | | പുരോഗമിച്ചു വരുന്നതായി കെ.ആർ.എഫ്.ബി അറിയിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ അടിയന്തരമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | തൃശ്ശൂർ കുറ്റിപ്പുറം പാതയിലെ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വീതികൂട്ടി 4 വരിപാത ആക്കുന്ന പ്രവൃത്തിക്കുള്ള പുതുക്കിയ ഡി.പി.ആർ പദ്ധതി നിർവഹണ ഏജൻസി ആയ കെ.ആർ.എഫ്.ബി കിഫ്ബിയിൽ പുനഃസമർപ്പിക്കേണ്ടതുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസി DPR കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് അത് അവലോകനം നടത്തി ന്യൂനതകൾ പരിഹരിച്ച് കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ